THE TRAVANCORE VELLALA ACT AMENDMENT BILL.

DEPUTY PRESIDENT : The next motion, standing in the name of Mr. C. Jebamony Nadar, is for leave to introduce the Vellala Act Amendment Bill.

MR. C. JEBAMONY NADAR : As the member was not in his seat the motion is deemed to have not been made.

RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST.

AGRICULTURAL TRAINING IN SCHOOLS.

MR. K. P. KOCHUKORATHARAKAN : I move :—

This Assembly recommends to Government that in all middle schools and High Schools in Travancore, Agriculture be introduced as a main subject of study and instructions imparted both scientifically and practically and that for practical training the necessary lands be acquired or taken on lease where acquisition is not feasible.

MR. K. P. KOCHUKORA THARAKAN : തിരുവിതാംകൂർ രാജ്യത്തിന് ആവശ്യമുള്ള ധാന്യസാധനങ്ങളും നെല്ല് മുതലായ സാധനങ്ങളും ഉണ്ടാകുന്നില്ലെന്ന് ഗവണ്മെൻറുതന്നെ സമ്മതിച്ചു കഴിഞ്ഞിട്ടുണ്ട്. എന്നാലും കൃഷി സമ്പ്രദായങ്ങൾ ഏതെല്ലാം വിധത്തിലാണ് ജനങ്ങളെ അഭ്യസിപ്പിക്കേണ്ടത് എന്നുള്ളതിനെപ്പറ്റി ഗവണ്മെൻറ് ഇതുവരെ ആലോചിച്ചിട്ടില്ല. ഇവിടത്തെ ആവശ്യത്തെ നിറവേറുവാൻ പറ്റിയ മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടതാണ്. ഇതിലേയ്ക്ക് നമ്മുടെ കുട്ടികൾക്ക് വേണ്ട വിദ്യാഭ്യാസം നൽകിയേ മതിയാവൂ. അല്ലാതെ കൃഷിഡിപ്പാർട്ടുമെൻറ് എത്ര ശക്തിയോടുകൂടി ശ്രമിച്ചാലും ഇതിനു ഒരു പോംവഴിയും കണ്ടുപിടിക്കാവുന്നതല്ല. പ്രഫസർ രാധാകൃഷ്ണൻതന്നെ കൊല്ലത്തുവച്ച് പറഞ്ഞത് പള്ളിക്കൂടത്തിൽനിന്നു ലഭിക്കുന്ന പഠിതം പുറമേനിന്ന് എത്ര ശ്രമിച്ചാലും കിട്ടുകയില്ല എന്നാണ്. അതുകൊണ്ട് സ്കൂളിലും കോളേജുകളിലും അഭ്യസിക്കുന്നവരുടെ അഭിരുചി ഈ വിഷയത്തിൽ തിരിക്കുന്നതിലേയ്ക്ക് വേണ്ട അഭ്യസനങ്ങൾ അവർക്ക് നൽകേണ്ടതാകുന്നു. അതിനാൽ മിഡിൽസ്കൂളുകളിലും ഹൈസ്കൂളുകളിലും ഈ വിഷയത്തെ നിർബന്ധമായി അഭ്യസിപ്പിക്കുവാൻ ഗവണ്മെൻറ് വ്യവസ്ഥ ചെയ്യേണ്ടതാണ്. ചീഫ സിക്രട്ടറി അവർകൾ ഒന്നു രണ്ടു സന്ദർഭങ്ങളിൽ തിരുവിതാംകൂറിലേയ്ക്ക് ആവശ്യമുള്ളത്ര നെല്ലിൻറെ നേർപകുതി നെല്ല് തിരുവിതാംകൂറിൽ ഉണ്ടാകുന്നില്ല എന്നു പറയുകയുണ്ടായി. അതു പരിഹരിക്കുവാനും കൃഷിയേ വേണ്ടത്ര വർദ്ധിപ്പിക്കുവാനും ശ്രമിക്കണം എന്നും അദ്ദേഹം പറഞ്ഞു. കൃഷിഡിപ്പാർട്ടുമെൻറുകാർ ഇതിലേയ്ക്ക് ഇപ്പോൾ ചിലതെല്ലാം ചെയ്യുവരുന്നുണ്ട്. എന്നാൽ അവരുടെ അ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tharakan.]

പ്രസ്ഥാനം എല്ലാവക്കും ഒരുപോലെ മനസ്സിലാക്കുന്നതിനോ അതിന്റെ പ്രായോഗികഗുണത്തെപ്പറ്റി ബോദ്ധ്യപ്പെടുന്നതിനോ സാധിച്ചിട്ടില്ല. ഇന്നത്തെ ഗവണ്മെന്റു ഉദ്യോഗംപോലയോ അല്ലെങ്കിൽ കച്ചവടം പോലയോ ആകർഷകമാണു കൃഷി എന്നവന്നാൽ ഉദ്യോഗത്തിനുവേണ്ടി ഇത്ര വലിയ ബാഹളം ഇവിടെ ഉണ്ടാകുന്നതല്ല. ഗവണ്മെന്റു് കൃഷി നന്നാക്കണമെന്നോ അല്ലെങ്കിൽ വിളവു് വർദ്ധിപ്പിക്കണമെന്നോ പ്രസംഗിച്ചുകൊണ്ടുമാത്രം യാതൊരു പ്രയോജനവുമില്ല. പക്ഷേ അതു് പ്രായോഗികമാക്കിത്തീർക്കണം. അതുകൊണ്ടാണു അതു് പള്ളിക്കൂടത്തിൽ പഠിപ്പിച്ചു ഉത്സാഹമുള്ളവരെ പ്രായോഗികമായി പ്രോത്സാഹിപ്പിക്കണം എന്നു പറയുന്നതു്. അങ്ങനെ ചെയ്യുന്നപക്ഷം തിരുവിതാംകൂറിലേയ്ക്കു് ആവശ്യമുള്ള നെല്ലും അരിയും ഇവിടത്തന്നെ വിളയിപ്പിച്ചെടുക്കുവാൻ നമുക്കു് കഴിയും. ഇവിടത്തെ വിളവിന്റെ ഇരുപതിരട്ടിയോ മുപ്പതിരട്ടിയോ കൂടുതൽ വിളവു് ജപ്പാനിൽ എടുക്കുന്നുണ്ടെന്നു ചീഫ് സിക്രട്ടറി അവർകളും പറഞ്ഞിട്ടുള്ളതായി ഞാൻ ഓർമ്മിക്കുന്നു. ശ്രമിച്ചാൽ ജപ്പാനിൽ കിട്ടുന്ന വിളവെങ്കിലും നമുക്കിവിടെ ഉണ്ടാക്കുവാൻ കഴിയും.

ഇതുകൊണ്ടുമാത്രമായില്ല. കൃഷി ചെയ്യാനുള്ള സ്ഥലങ്ങൾക്കൂടി പതിച്ചു കൊടുക്കണം. കൃഷിയെ ശാസ്ത്രീയമായി പഠിപ്പിക്കണം. ഇതു രണ്ടും ചെയ്യാതെ ഒരു പദ്ധതിയും പ്രയോജനത്തിൽ കൊണ്ടുവരുവാൻ സാദ്ധ്യമല്ല. ഗവണ്മെന്റു് മണ്ണാംകണ്ടം തന്നെ പതിച്ചുകൊടുത്തല്ലോ. അവിടെ കൃഷി ചെയ്യുവർ ആ സ്ഥലം എല്ലാം കണ്ടമാനം വെട്ടിക്കിളച്ചു് അവിടത്തെ വളം എല്ലാം കളഞ്ഞിരിക്കുകയാണു്. ചില സ്ഥലങ്ങൾ ഇപ്പോൾ കടലുപോലെ ആയിട്ടുണ്ടു്. ഞാൻ പറയുന്നതു് ഇന്ന സ്ഥലത്തു് ഇന്ന കൃഷി ചെയ്യാം എന്നുള്ള ഒരറിവു് നമ്മുടെ വിദ്യാർത്ഥികൾക്കെല്ലാവക്കും ഉണ്ടായിരിക്കേണ്ടതാണു്. ആ ബോധം ഇന്നത്തെ നമ്മുടെ നാട്ടുകാക്കില്ല. ഏതു വിധത്തിൽ കൃഷി ചെയ്യണമെന്നുള്ളതും അവക്കറിഞ്ഞുകൂടാ. പുസ്തകത്തിൽ ഇപ്പോൾ കൃഷിയെപ്പറ്റി ചില പാഠങ്ങൾ കൊടുത്തിട്ടുണ്ടു്. അതുകൊണ്ടു വിശേഷമില്ല. പ്രായോഗികമായ അഭ്യസനംകൂടി അവക്കു് കൊടുക്കണം. അതു നൽകുവാൻ വേണ്ടത്ര സ്ഥലം ഇല്ലെന്നു് കൃഷി ഡയറക്ടർ പറഞ്ഞേയ്ക്കും. മിഡിൽ സ്കൂളുകൾക്കും ഹൈസ്കൂളുകൾക്കും വേണ്ടി നാലായിരവും അയ്യായിരവും രൂപാ ചിലവാക്കാൻ തയ്യാറുള്ളവർ ഇതിലേയ്ക്കു് നൂറോ നൂറിനടുപ്പമോ രൂപാകൂടി ചിലവാക്കുവാൻ മടിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലം മതിയാകുന്നില്ല എന്നു പറയുന്നതിന് ഒരർത്ഥവുമില്ല. പ്രൈവറ്റു സ്കൂളുകൾ നടത്താൻ അനുവദിക്കപ്പെടണമെങ്കിൽ ഇപ്രകാരമുള്ള സ്ഥലങ്ങൾകൂടി ഉണ്ടെങ്കിലേ ഒക്കുകയുള്ളു എന്ന് കർശനമായി നിഷ്കർഷിച്ചാൽ മാത്രം മതി. ഗവണ്മെൻറു സ്കൂളുകളുടെ കാര്യമാണെങ്കിൽ പതിനഞ്ചു സെൻറു മാത്രം ആവശ്യമുള്ള ഒരു ഷെഡ് വയ്ക്കേണ്ടതിലേയ്ക്കു അഞ്ചേക്കറും പത്തേക്കറും സ്ഥലം ഓരോ സ്കൂളിനുംവേണ്ടി എടുത്തിട്ടുണ്ട്. പക്ഷേ ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെൻറു ഈ സ്ഥലങ്ങൾ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിന് കൊടുക്കുകയില്ല എന്നു വന്നേക്കാം. ഗവണ്മെൻറു വിചാരിച്ചാൽ ഈ വൈഷമ്യത്തെ ഇല്ലാതാക്കുവാൻ കഴിയുമല്ലോ. അതുപോലെതന്നെ കൃഷി ഡയറക്ടർ പറഞ്ഞേക്കാം, എല്ലാ സ്കൂളുകളിലും ഈ വിഷയം പഠിപ്പിക്കുന്നതിനായി ഇൻസ്ട്രക്ഷൻ കൊടുക്കുവാൻ ആവശ്യമുള്ള അദ്ധ്യാപകന്മാരെ കിട്ടുവാനും വിഷമമാണെന്നു. നമ്മുടെ സ്കൂളുകളിൽ ഇരുപതു രൂപയ്ക്ക് മേൽ ശമ്പളമുള്ള അദ്ധ്യാപകന്മാരായി നിയമിക്കപ്പെട്ടവർ കൃഷികൂടി പഠിച്ചവർ ആയിരിക്കണം എന്നു ഒരു വ്യവസ്ഥ ചെയ്യുന്നപക്ഷം ഇതിനും പരിഹാരമുണ്ടാകുന്നതാണ്. എഡ്യൂക്കേഷൻ ഡയറക്ടർ വിചാരിച്ചാൽ അപ്പോൾതന്നെ മിടുമിടുക്കന്മാരായ നല്ല അദ്ധ്യാപകന്മാരെ ലഭിക്കും. ഗവണ്മെൻറു വിചാരിച്ചാൽ സ്ഥലവും ഉണ്ടാകും. പിന്നെന്താണു വിഷമം? എന്നാൽ ഇന്നു സ്കൂളുകളിൽ കൃഷിയെ ഒരു മൈനർ സബ്ജക്ടായിട്ടാണു് ഗണിച്ചുവച്ചിരിക്കുന്നതു്. ആ നില മാറ്റി ഇതിനെ ഒരു മേജർ സബ്ജക്ടാക്കിത്തീർക്കണം. ഞാൻ കൊച്ചിയിൽ ഈയിടെ പോയിരുന്നു. അവിടുത്തെ വിദ്യാലയത്തോട്ടങ്ങളിൽ ചിലതു് കണ്ടപ്പോൾ എനിക്കു് അത്ഭുതം തോന്നി. ആ തോട്ടങ്ങളിൽ നിന്നു നല്ല ആദായവും കിട്ടുന്നുണ്ടെന്നാണ് എന്റെ അറിവു്. അവിടെ കൃഷി സംബന്ധമായി വേണ്ട ഉൽബോധനം നൽകുന്നതിനായിൽ ഡിമാൺസ്ട്രേഷൻ ഫാറം ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളെ അവിടെ രണ്ടുമാസം പഠിപ്പിക്കുന്നു. കൊച്ചിയിലെക്കു് നല്ലതാണെന്നോ തിരുവിതാംകൂറിലേതു മോശമാണെന്നോ അല്ല ഞാൻ പറയുന്നതു്. അതുപോലുള്ള ഡിമാൺസ്ട്രേഷൻ ഫാറം ഇവിടെയും ഏർപ്പെടുത്തേണ്ടതാണ്. ഈ വിഷയത്തിൽ ഗവണ്മെൻറും വിദ്യാഭ്യാസഡയറക്ടരും കൃഷിഡയറക്ടരുംകൂടി യോജിച്ചു പ്രവർത്തിക്കുന്നപക്ഷം തിരുവിതാംകൂറിലേയ്ക്കു് ആവശ്യമുള്ള ധാന്യങ്ങളിൽ മുക്കാൽപങ്കും ഇവിടെനിന്നുതന്നെ ഉണ്ടാക്കാം എന്നുള്ളതിനു് യാതൊരു സംശയവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. A. K. KUMARAN VAIDYAN : സർ, തിരുവിതാംകൂർ ഇന്ന പലത രത്തിൽ പുരോഗതിയെ പ്രാപിച്ചുവരുന്നുണ്ടെങ്കിലും കൃഷി സംബന്ധമായ അഭിവൃദ്ധി വരുത്തുന്നതു കുറെക്കൂടി ശ്രദ്ധിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഗവണ്മെൻറു കുറെ കൊല്ലങ്ങൾക്കു മുൻപു് രണ്ടു് തോട്ടങ്ങൾ സ്ഥാപിച്ചു് അവിടെ നല്ല ചെടികളെല്ലാം കൊണ്ടുവന്നു നട്ടുവളർത്തിയിട്ടുള്ളതായി എനിക്കറിയാം. ഇതുപോലെയുള്ള മാതൃകാ തോട്ടങ്ങൾ ധാരാളം സ്ഥാപിക്കേണ്ടതാണു്. ക്രമാതെ മണ്ണാംകണ്ടം മുതലായ സ്ഥലങ്ങൾ ഇപ്പോൾ ധാരാളമായി പതിച്ചുകൊടുത്തുവരികയാണല്ലോ. ആ സ്ഥലം അധികവും പതിപ്പിച്ചെടുത്തിരിക്കുന്നതു് ഇവിടത്തെ മുതലാളിമാരാണു്. അവർക്കുതന്നെ പതിച്ചുകൊടുക്കാവൂ എന്നു് ഗവണ്മെൻറിനു് നിർബന്ധമില്ലെങ്കിലും പതിച്ചെടുക്കുക എന്നുള്ള കായ്യത്തിൽ മുതലാളിമാരുടെ താല്പര്യത്തിൻെറ ക്രമതൽകൊണ്ടു് അങ്ങിനെ സംഭവിക്കുന്നതാണു്. ഈയിടെ ഗവണ്മെൻറു് ഏലം തോട്ടങ്ങൾ പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചു് ഒരു സർക്കുലർ പുറപ്പെടുവിക്കയുണ്ടായല്ലോ. അതിൽക്കും നാൽപ്പതു് ഏക്കറിൽ ക്രമതൽ പതിച്ചു കൊടുക്കാൻ പാടില്ലാ എന്നു് അതിൽ പറയുന്നു. ഞാൻ അതിൽ സന്തോഷിക്കുന്നു. അങ്ങിനെ നിയന്ത്രിക്കുന്നില്ലെങ്കിൽ ഏതാണ്ടു് പത്തുകൊല്ലം കഴിയുമ്പോൾ ദേവികുളം ഡിവിഷൻ മുഴുവനും ഏതാനും ചില ആളുകളുടെ കൈവശത്തിൽ ആയിത്തീരാനിടയുണ്ടു്.

MR. THARIATHU KUNJITHOMMEN : നാൽപ്പതു് ഏക്കർ എന്നുള്ളതു് ഭേദപ്പെടുത്തി അമ്പതു് ഏക്കർ വീതം പതിച്ചുകൊടുക്കണം എന്ന വ്യവസ്ഥ ചെയ്യുന്നപക്ഷം അതു് ക്രമതൽ ഉപകാരപ്രദമായിരിക്കുകയില്ലേ ?

MR. A. K. KUMARAN VAIDYAN : അങ്ങിനെ ചെയ്യുന്നതു വളരെ നന്നായിരിക്കും. ഇന്നത്തെ യുദ്ധപരിതസ്ഥിതിയിൽ നാം ഇക്കായ്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാതെയിരുന്നാൽ നമ്മുടെ നാട്ടിൽ ദാരിദ്ര്യം ഇന്നത്തെക്കാൾ തുറിരട്ടി വർദ്ധിക്കുമെന്നുള്ളതിനു് സംശയമില്ല. പറവൂർ താലൂക്കിൽ ഇരുപതു കൊല്ലങ്ങൾക്കു മുൻപുള്ളതു അഭിവൃദ്ധി ഇന്ന കൃഷിക്കു കാണുന്നില്ല. അതു് കൃഷിയുടെ അഭിവൃദ്ധിക്കുറവു കൊണ്ടല്ല. അന്നത്തേക്കാൾ പതിന്മടങ്ങു് അഭിവൃദ്ധി ഇന്ന കൃഷിക്കുണ്ടായിട്ടുണ്ടു്. എന്നിട്ടും അവിടെയുണ്ടായിരുന്നതിൽ പത്തിൽ ഒരു ഭാഗം ആളുകൾക്കു് സുഭിക്ഷമായി കഴിയുവാനുള്ള കൃഷി അവിടെയുണ്ടു്. ജനസംഖ്യയുടെ ക്രമാതീതമായ വർദ്ധനയാണു് അതിനു കാരണം.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. KOCHUKORA THARAKAN : അതനുസരിച്ച് വിളവുവർദ്ധിക്കുന്നുണ്ടോ ?

MR. A. K. KUMARAN VAIDYAN : ഇല്ല. വർദ്ധിപ്പിക്കണമെന്നാണ് ഞാൻ പറയുന്നത്. കൃഷിഡിപ്പാർട്ടുമെന്റിൽനിന്നും ചെയ്യുന്ന ഓരോ വേലകളും നാം പരിശോധിച്ചു നോക്കുന്നപക്ഷം ജനങ്ങൾക്ക് അതു കൊണ്ടു വളരെ ഗുണമുണ്ടെന്നു പറവാൻ പ്രയാസമാണ്. സാധാരണക്കാക്കു വളരെ കൂടുതൽ പണച്ചെലവുണ്ടാകുന്ന പദ്ധതികളാണ് അവക്കുള്ളത്. അതുകൊണ്ട് കൃഷി ഡയറക്ടർ അവർകളും ഗവണ്മെന്റും ഈ കാര്യത്തിൽ അധികം ചെലവു വരുത്താതേയും എളുപ്പം ഗുണം ലഭിക്കത്തക്ക നിലയിലും ഉള്ള നൂതനസംപ്രദായങ്ങൾ കണ്ടു പിടിച്ച് ജനങ്ങൾക്കു കാണിച്ചു കൊടുക്കേണ്ടതാണ്. ചീഫ് സെക്രട്ടറി അവർകൾ കുന്നത്തുനാട്ടു താലൂക്കിൽ വന്നപ്പോൾ ഇപ്പോൾ ഒരുപ്പു എടുക്കുന്ന നിലങ്ങളിൽനിന്ന് രണ്ടു പൂവും എടുക്കുവാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കാമെന്നു പറയുകയുണ്ടായി. ലിഫ്റ്റ് ഇറിഗേഷൻമൂലം പമ്പു ചെയ്തു അവിടെ കൃഷി നടത്തുന്നതായിട്ടാണു് അറിയുന്നത്. അതു ഏറ്റവും ഗുണപ്രദമായിത്തീരുമെന്നാണ് എന്റെ വിശ്വാസം. എന്നാൽ ഇത്തരത്തിലുള്ള കൃഷി വളരെ ഗുണപ്രദമല്ലെന്നുള്ള ഒരു ധാരണ അവിടെയുള്ളവർക്ക് ഉണ്ട്. ആട്ടും കയറിയ വെള്ളത്തിൽ ഉപ്പു രസം കലർന്നിരുന്നതുകൊണ്ടു കൃഷി അല്പം മോശമായി എന്നല്ലാതെ ഈ പദ്ധതി പാടെ ദോഷകരമാണെന്നു ഞാൻ വിചാരിക്കുന്നില്ല. തിരുവിതാംകൂറിലെ അൻപത്തൊന്നുലക്ഷം ജനങ്ങളിൽ ഒരു ലക്ഷം പേർക്കെങ്കിലും സുഭിക്ഷമായി കഴിയുവാൻ വിഷമമായിരിക്കുന്ന ഈ ഘട്ടത്തിൽ, തിരുവിതാംകൂറിന്റെ എല്ലാവിധ ഉൽക്കർഷത്തിലും സദാ ജാഗരൂകന്മാരായിരിക്കുന്ന ഭരണാധികാരികൾ ഇന്നിവിടെയുള്ള സ്ഥിതിക്ക്, നമുക്ക് ആവശ്യമുള്ള അരിയും നെല്ലും വാങ്ങുന്നതിനായി ബർമ്മയിലും മറ്റും പോകുന്നതു സങ്കടകരമാണ്. നമ്മുടെ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി അവർകൾ കൃഷി വിഷയത്തിൽ വളരെ തഴക്കവും പഴക്കവും ഉള്ള ഒരു കുടുംബത്തിലെ അംഗവും, പരീക്ഷ പാസ്സായതിനുശേഷം കൃഷിവിഷയത്തിൽ ഏർപ്പെട്ടതാണെന്നു വിചാരിച്ചു ആളും ആണ്. അദ്ദേഹം ഇപ്പോൾ നമ്മുടെ ചീഫ് സെക്രട്ടറിയായിരിക്കുന്നതു് നമുക്ക് വലിയ അനുഗ്രഹമായിരിക്കുന്നു. അദ്ദേഹം ദൈവത്താൽതന്നെ നിയുക്തനാണോ എന്നു് തോന്നിപ്പോകും. അമ്പലപ്പുഴ താലൂക്കിൽപ്പെട്ട കൃഷി സ്ഥലങ്ങൾ വേണ്ടവണ്ണം എലക്ട്രിസിറ്റികൊണ്ടു് വെള്ളം വറ്റിച്ചു അവിടത്തെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിലേക്ക് വേണ്ട ശ്രമങ്ങൾ നടന്നു വരുന്നു എന്നുള്ളതു് അവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. K. Kumaran Vaidyan.]

കായലോരങ്ങളിൽക്കൂടി പോകുമ്പോൾ അവിടവിടെ കാണുന്ന എല്ലക്ട്രിക്ക് കമ്പി തൂണുകൾകൊണ്ടു നിശ്ചയിക്കാം. ഈ തൂണുകൾ കാണുമ്പോൾ ഇദ്ദേഹത്തെ ഏവരും അനുസ്മരിക്കാതിരിക്കയില്ല. കുന്നത്തുനാട്ടുതാലൂക്കിൽ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുവാൻ സഹകരിച്ചിരിക്കുന്ന പദ്ധതി വടക്കൻ പറവൂരിലുള്ള ഏതാനും സ്ഥലങ്ങളിൽക്കൂടി ഏർപ്പെടുത്തി അവിടത്തെ കൃഷിയെയും അഭിവൃദ്ധിപ്പെടുത്തുവാൻ വേണ്ടതു ചെയ്യണമെന്ന് ഈ അവസരത്തിൽ ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഇനിമേൽ ഉണ്ടാകാവുന്ന വിദ്യാഭ്യാസത്തിൽ മറ്റുള്ള വിഷയങ്ങൾക്കുപുറമെ കൃഷിശാസ്ത്രവുംകൂടി ഐശ്ചികമായി എടുപ്പിക്കേണ്ടതാണ്. ഈ വിഷയത്തിൽ പാസായിട്ടുള്ള ആളുകളെ മാത്രമെ മേലാൽ നിയമിക്കാവു എന്നും എനിക്കഭിപ്രായമുണ്ട്. പ്രമേയത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

NR. THARIATHU KUNJITHOMMEN : സർ, ഞാനും ഈ പ്രമേയത്തെ പിൻതാങ്ങുന്നു. നമ്മുടെ രാജ്യം പ്രധാനമായി ആശ്രയിക്കുന്നതു കൃഷിയെയാണല്ലോ. എന്നാൽ ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ച് കൃഷി വർദ്ധിക്കുന്നില്ല. ശാസ്ത്രീയമായി കൃഷിചെയ്യുക എന്നുള്ളതു മാത്രമാണു കർഷകരുടെ അഭിവൃദ്ധിക്കു മാർഗ്ഗമായിട്ടുള്ളതു്. കൃഷകരുടെ അഭിവൃദ്ധിയാണു അത്യാവശ്യം. കർഷകരുടെ ഐശ്വര്യം ദിവസംപ്രതി കുറഞ്ഞാണു വരുന്നതും. ജനസാമാന്യം കൃഷിക്കു ഇപ്പോഴും വേണ്ടപോലെ പ്രാപ്തമായിട്ടില്ല. അതു് അവരുടെ ഉദാസീനതയൊ, മനഃപൂർവ്വമായ അവഗണനയൊ കൊണ്ടാണെന്നു പറയുവാൻ നിവൃത്തിയില്ല. അവർക്കു അതിലേക്കു വേണ്ട പ്രോത്സാഹനം ലഭിച്ചിട്ടില്ല. ബാല്യത്തിലേതന്നെ ഏതെങ്കിലും തൊഴിലുകൾക്കുകൂടി പരിശീലനം കിട്ടി എങ്കിലല്ലാതെ പ്രായമായാലും അതു നന്നാവുകയില്ല. ബാല്യത്തിൽ കൃഷിയോടു് അഭിരുചിയുള്ള വിധത്തിലല്ലാ, നമ്മുടെ യുവാക്കന്മാർ വളർന്നുവരുന്നതു്. പഠിച്ചുകഴിഞ്ഞാൽ പിന്നെയുള്ള നോട്ടമെല്ലാം ഉദ്യോഗത്തിനായിട്ടാണു്. ഉദ്യോഗമെന്നു പറയുന്നതു് അധ്വാനം ആവശ്യമില്ലാത്ത ഒരു തൊഴിലാണെന്നാണു് വയ്പു്. പക്ഷെ കർഷകവൃത്തിക്കു അധ്വാനം അവശ്യമാണു. എന്നാൽ വേലചെയ്യുവാൻ കുഴിയുകയില്ലാ എന്നുള്ള ഒരു മനോഭാവമാണു് പഠിച്ചുവരുന്നവരിൽ കാണാറുള്ളതു്. ഈ മനോഭാവം വളർന്നുവരുന്നതുകൊണ്ടു് രാജ്യം അധഃപതിക്കുന്നു. കാലക്രമേണ കൃഷിവൃത്തിയും അധഃപതിച്ചുപോകയേ ഉള്ളു എന്നാണു തോന്നുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ബാലന്മാക്ക് വിദ്യാഭ്യാസകാലത്തുതന്നെ കൃഷിസംബന്ധമായ അറിവുകൂടി കൊടുക്കുന്നതിനു സ്കൂളുകളിൽ തോട്ടങ്ങളും ഉണ്ടാക്കി പ്രായോഗികപരിജ്ഞാനം നൽകുകയും പുസ്തകങ്ങളും വഴിയായുള്ള ജ്ഞാനം കൊടുക്കുകയുമാണു വേണ്ടതു്. എന്നാൽതന്നെയും കൃഷി ആദായകരമായിട്ടുള്ള ഒരു തൊഴിലാണെന്നുള്ള ഒരു തോന്നൽ അവക്കു ഉണ്ടായില്ലെങ്കിൽ ഇതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. അഭ്യസനകാലത്തു കൃഷിവിഷയത്തിൽ ശ്രദ്ധപതിപ്പിക്കുന്നപക്ഷം അവർ അറിയാതെതന്നെ അവർക്കു അതിൽ അഭിരുചി ഉണ്ടാകും. കുറെ പ്രായമായതിൻശേഷം കൃഷികാര്യത്തിൽ മനസ്സുവയ്ക്കുന്നതുകൊണ്ടു പറയത്തക്ക അഭിരുചി അതിൽ ഉണ്ടാവുകയില്ല. അഭിരുചിയില്ലാത്ത തൊഴിൽ ചെയ്താൽ അതു ഗുണകരമാവുകയില്ല. ബാല്യത്തിൽതന്നെ ഇതിനു് ആഗ്രഹമുണ്ടാകണം. ഇപ്പോഴത്തെ നിലയ്ക്കു നമ്മുടെ ഭാവിയെപ്പറ്റി വളരെ വ്യസനിക്കേണ്ടതായിട്ടാണിരിക്കുന്നതു്. എന്തെന്നാൽ ഭാഗവ്യവസ്ഥനിമിത്തം കൃഷിക്കുപയുക്തമായ ഭൂമികൂടി തുണ്ടുതുണ്ടായി വിഭജിക്കപ്പെട്ടുന്നു. അതു് പിന്നെയും വിഭജിക്കപ്പെട്ടുപോകുകയും ചെയ്യുന്നു. അങ്ങിനെ നാൾക്കുനാൾ കൃഷിചെയ്യുന്നതിലേയ്ക്കുള്ള സൗകര്യം കുറഞ്ഞുകുറഞ്ഞുവരുന്നു. ജപ്പാനിൽ കൃഷി വളരെ പരിഷ്കൃതമായ രീതിയിൽ നടത്തി വളരെ ആദായകരമാക്കിത്തീർത്തിരിക്കുന്നു എന്നു നമുക്കറിയാം. ജപ്പാൻകാർ മുഖ്യമായി വ്യവസായതല്പരന്മാരാണു്. വ്യവസായം മുഖേനയാണു ആ രാജ്യം ഇത്രമേൽ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ളതു്. എങ്കിലും കൃഷിവിഷയത്തിലുള്ള താല്പര്യം അവർ ഒട്ടുംതന്നെ കുറയ്ക്കുന്നില്ല. നമുക്കു് ജനസംഖ്യാവർദ്ധനവിനനുസരണമായി നോക്കുമ്പോൾ ഭൂമിയും വളരെ കുറവാണു്. അതിനാൽ കുറേ നാളത്തേക്കെങ്കിലും നമ്മുടെ ബാലികാബാലന്മാർക്കു് കൃഷിസംബന്ധമായി വേണ്ട വിജ്ഞാനങ്ങളും കൊടുക്കണം. വ്യവസായപ്രധാനമായ രാജ്യങ്ങളിലെ ബാലികാബാലന്മാക്കു അവർ ബാല്യത്തിലേതന്നെ അതിനാവശ്യമായ വിദ്യാഭ്യാസം നൽകുന്നു. അതുപോലെ ഇവിടെയും കൃഷിസംബന്ധിച്ചു നൽകണം. അതിനുപകരം നാം അതിൽ അവജ്ഞയാണു പ്രദർശിപ്പിച്ചുവരുന്നതു്. കൃഷിവിഷയകമായ പാഠങ്ങളും പഠിപ്പിച്ചും കൃഷിചെയ്തു നല്ല നിലയിലെത്തിയിട്ടുള്ളവരുടെ കഥകളും പറഞ്ഞുകൊടുത്തും മറ്റും കൃഷിക്കുള്ള അഭിരുചി വർദ്ധിപ്പിക്കണം. ഇവിടെ അതിനു പകരം വ്യവസായത്തിലും കച്ചവടത്തിലും മറ്റും അഭിവൃദ്ധി പ്രാപിച്ചിട്ടുള്ളവരുടെ ചരിത്രങ്ങളാണു് പഠിപ്പിക്കുന്നതു്. അതുകൊണ്ടു് ആ വിഷയങ്ങളിലേക്കാണു് നമ്മുടെ യുവാക്കന്മാരുടെ ശ്രദ്ധ പതിയുന്നതു്. അന്യസ്ഥലങ്ങളിൽനിന്നും അളവു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjithommepn.]

കഠം ഇവിടെവന്ന് കൃഷിചെയ്യ നല്ലനിലയിൽ ഇരിക്കുന്നതു നാം കാണുന്നുണ്ട്. അവരെ കണ്ട് നാം പഠിക്കുന്നില്ല. വ്യവസായവും കച്ചവടവും നടക്കുന്ന രാജ്യങ്ങളിൽനിന്ന് ഇവിടെ വരുന്നവരിൽനിന്നും കൃഷിവിദ്യയും നാം പഠിക്കേണ്ടിയിരിക്കുന്നു. ഇവിടത്തെ കൃഷിശാസ്ത്രജ്ഞന്മാർ ഇപ്പോഠം പലേ സ്ഥലങ്ങളിലും ചെന്ന് പ്രസംഗിക്കുന്നുണ്ട്. അതുകൊണ്ട് എന്താണു പ്രയോജനം? അവർ പാഠശാലകളിൽ ചെന്ന് ഉപദേശം കൊടുക്കട്ടെ. ഓരോ വിദ്യാലയത്തിനോടും ചേർന്ന് രണ്ടോ മൂന്നോ ഏക്കർ, പാട്ടത്തിനെടുത്തായാലും വേണ്ടുകില്ല, സ്ഥലം എടുത്തു കുട്ടികഠംക്കു പ്രായോഗികമായ പരിശീലനവും കൊടുക്കണം. അവർ ആഴ്ചയിലൊരിക്കൽ ചെന്ന് ആ കൃഷികളെല്ലാം പരിശോധിക്കണം. ഇങ്ങനെ പണച്ചെലവു അധികമില്ലാതെ, അധികകാലതാമസം ഉണ്ടാകാതെ, ഈ കാര്യം നടപ്പിൽ കൊണ്ടുവരാം. വിദ്യാർത്ഥികഠംക്ക് അപ്പോഠംഇതിലൊരുകൗതുകവും വിശ്വാസവും സ്വതേ ഉണ്ടാകും. ഈ നിലയിൽ കൃഷിചെയ്യുന്നതിനുള്ള ഒരു ആസക്തി അവരിൽ ഉണ്ടാക്കുകയാണു വേണ്ടതു. ഒരു രാജ്യത്തിലെ വിദ്യാഭ്യാസമുള്ളവർ കൃഷിയെ വെറുത്താൽ പിന്നെ എങ്ങിനെയാണ് ആ രാജ്യത്തെ കൃഷി അഭിവൃദ്ധിപ്പെടുക? ഇവിടെ കാളേജ് വിദ്യാഭ്യാസം കിട്ടിയിട്ടുള്ള ആക്കുംതന്നെ അതിൽ ഇപ്പോഠം വാസനയില്ല. നേരെ മറിച്ചു കൃഷിയെപ്പറ്റി സാമാന്യമായ ഒരു ജ്ഞാനം, ബാല്യത്തിലെതന്നെ കൊടുത്താൽ അതിലേയ്ക്കു ഒരു വാസന താനേ ഉണ്ടായിത്തുടങ്ങും. അതുകൊണ്ട് ഈ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന തത്വത്തെ എല്ലാവരും ആദരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. D. C. JOSEPH: Sir, the resolution seems to be a very important one. But looking at the thinness of the non-official side, I think there is no sufficient encouragement to this resolution. At a time of financial deterioration everybody wants to improve agriculture. The question is how far is that matter feasible. The Director of Public Instruction and the Director of Agriculture know it better. We want to introduce agricultural training in our schools. How far will it be feasible. Under the existing state of affairs in our schools we find that there is hardly any ground for physical training or any moving space. Lands are required for that purpose. We want to introduce practical training in Agriculture and what are we going to say about the growing population in the State. Everybody knows fully well that the land available in the country are not at all sufficient to accommodate the growing population. Year after year the population is increasing, but not the lands. How are we going to introduce this important item in our schools. I think the only way to solve the problem is to introduce the system in certain selected areas and ask our young men to go and

LIBRARY ARCHIVES Kerala Legislative Assembly

study agriculture in those localities. That is the only possible arrangement that we can at present make to improve our agriculture. Every year we are importing large quantities of rice and paddy. We want to be self-sufficient in the matter of our food. Let us find out a way to improve our agriculture and that by improved method of agriculture.

First of all let us find out the necessary land for the purpose. Then let us train the people who have a natural inclination for that work. If there are not such people, let us instil in the minds of our people an interest in agricultural work. Without these, if we introduce agricultural training in our schools and produce mere theoretically trained young men we will only be increasing the prevailing unemployment among educated men. It is not at all worth considering by the educational authorities with a crowded curricula under the present circumstances. With these words I strongly oppose this resolution.

MR. D. FRANCIS: Sir, இந்தப் பிரமேயத்தை பலமாய் அனுகூலிக்கிறேன். நம்முடைய பிள்ளைகளுடைய படித்தத்தின் மாதிரி எப்படியிருக்கிறதென்று கேட்டால், பள்ளிக்கூடம் விட்டு கிருஷிஜோலிக்குப் போகும்போத, வயலில் அல்லது புரயிடத்தில் வர் கட்டி உழத் தெரியாது. கெட்டிக் கொடுத்தாலும் மாட்டின் பின்னல் உழுதுகொண்டு போகத் தெரியாது. பூமியை லெவல் பண்ணுகிறதுக்கு மரம் கெட்ட அடிக்கத் தெரியாது. வித்து பூளைக்கவைத்து, எடுத்து விதைக்கத தெரியாது. மாடு பிடித்துகெட்டத தெரியாது. பசுவில் பால் கறக்கத் தெரியாது. பால் சாப்பிடத் தெரியும். பால் எடுக்குக் கொடுக்கிற வித்துவாணுக்கு ஒவ்வொரு வீட்டிலும் மாசம் ஒன்றுக்கு ஒரு ரூபாய் வீதம் சம்பளம் கொடுக்கப்படுகிறது. கடைசியாக, நம்முடைய படித்தப்பிள்ளைகளைக்கொண்டு ஒரு உபயோகமுமில்லை.

இதனல் பிள்ளைகளுக்குக் கிருஷியையேப் பள்ளிக்கூடத்தில் படிப்பிக்கவேண்டும். அது எப்படியென்று பார்ப்போம். கல்வி இலாகா, கிருஷி இலாகா என்று இந்த இரண்டு இலாகாக்களும் சேர்ந்து, இந்த சங்கதியைப் பூர்த்திசெய்யவேண்டும். சாதாரண கிருஷி இங்கு ஆவசியமில்லை. Improved method of Agriculture தான் வேண்டும். இதுக்காக எங்கேயிருந்தாவது experts நிபுணர்களை வருத்தவேண்டும். பிறைமறி பள்ளிக்கூடத்திலானலும் சரி, ஹைஸ்கூல் பள்ளிக்கூடமாயிருந்தாலும் சரி, ஒவ்வொன்றிலும் experimental farm வேண்டியது. அதற்காக பூமி வாங்குவதில் பணச்சிலவு செய்யவேண்டியதில்லை. பாட்டத்துக்காவது, வாடகைக்காவது பூமி எடுத்தால் போதுமானது. ராஜ்யத்தின் எல்லா பாகங்களிலும் பூமி வாடகைக்குக் கிடைக்கும். கல்வி இலாகா, கிருஷி இலாகா, இந்த இரண்டு இலாகா அதிகாரிகளும் கூடி, அடுத்த பள்ளிக்கூட வருஷத்திலேதானே இதை நடப்புக்கு வருத்துவார்களென்று விசுவசித்துக் கொண்டு, இந்தப்பிரமேயத்தை பலமாய் அனுகூலிக்கிறேன்.

MR. P. S. MUHAMED: സർ, ഈ സഭയുടെ പര്യാലോചനയ്ക്കായി കൊണ്ടുവരപ്പെട്ടിട്ടുള്ള പ്രമേയം ഏറ്റവും പ്രധാനമായ ഒന്നാണെന്നുള്ളതിൽ സംശയമില്ല. തിരുവിതാംകൂർ ഒരു കർഷകരാജ്യമായിരിക്കുന്നകാലത്തോളം ഇവിടത്തെ ജനങ്ങൾ കൃഷിവിഷയത്തിൽ പ്രത്യേകം ശ്രദ്ധ വ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhamed.]

തിപ്പിക്കേണ്ടവരും, പ്രത്യേകം താല്പര്യം പ്രദർശിപ്പിക്കേണ്ടവരും, അവരുടെ രക്ഷ കൃഷിയുടെ അഭിവൃദ്ധിയിലാണെന്നുള്ള ബോധത്തോടുകൂടി ജീവിക്കേണ്ടവരും ആണെന്നുള്ള സംഗതിയിലും ആക്ഷം അഭിപ്രായവ്യത്യാസമുണ്ടാകാനിടയില്ല. നമ്മുടെ അനുഭവംകൊണ്ടു നോക്കുകയാണെങ്കിൽ ഇന്നത്തെ വിദ്യാഭ്യാസരീതി ജനങ്ങളെ കൃഷിത്തൊഴിലിൽനിന്നും അകറ്റുന്നതിനു പര്യാപ്തമായ ഒന്നാണ്. പാടത്തു രാത്രിയും പകലും ജോലിചെയ്യേണ്ട ഒരുവന്റെ മകൻ പള്ളിക്കൂടത്തിൽ കയറിക്കഴിഞ്ഞാൽ പിന്നീട് അവന്റെ ദൃഷ്ടിപതിയുന്നതു പങ്കായുടെ കീഴിലിരുന്നു ആനന്ദിക്കുന്ന ഉദ്യോഗസ്ഥാനത്തേക്കാണു്. പള്ളിക്കൂടത്തിൽ കയറിയദിവസംമുതൽ അവൻ സ്വപ്നം കാണുന്നതും അങ്ങനെയുള്ള ഒരു സ്ഥാനത്തെയാകുന്നു. എന്നാൽ തിരുവിതാംകൂറിൽ ഉദ്യോഗങ്ങളുടെ സ്ഥിതി നോക്കുകയാണെങ്കിൽ വളരെ കുറച്ചുപേക്കുമാത്രമേ ആ സ്ഥാനം ആസ്വദിക്കുവാൻ സാധിക്കുകയുള്ളൂ. നല്ല വയസ്സായവരും അതികിട്ടിയിട്ടുള്ളവരുമായ ആളുകൾക്കുതന്നെ സർവ്വീസിൽ സ്ഥാനമില്ലാതെ കഷ്ടപ്പെടുന്നു എന്നു് നാം കണ്ടുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ തിരുവിതാംകൂറിൽ ജീവിക്കേണ്ടവരും തിരുവിതാംകൂറിന്റെ ഐശ്വര്യത്തിനായി പ്രയത്നിക്കേണ്ടവരുമായ നമ്മുടെ കുഞ്ഞുങ്ങൾക്കു കൃഷിയിൽ അഭിരുചിയുണ്ടാക്കിത്തീർക്കേണ്ടിയിരിക്കുന്നു. വളരെ ചെറുപ്പത്തിലെതന്നെ നമ്മുടെ കുഞ്ഞുങ്ങൾക്കു കർഷകവൃത്തിയിൽ അഭിരുചിയുണ്ടാകത്തക്കവണ്ണമുള്ള വിദ്യാഭ്യാസം നൽകേണ്ടിയിരിക്കുന്നു. ഗവണ്മെന്റു പ്രത്യേകം ശ്രദ്ധിച്ചു് ഇതിൽ ചില വ്യവസ്ഥകൾ ചെയ്യേണ്ടതു അത്യാവശ്യമാണ്. പക്ഷെ പ്രസംഗിക്കാൻ എളുപ്പത്തിൽ സാധിക്കും. അതു പ്രവൃത്തിയിൽ കൊണ്ടുവരിക എന്നുള്ളതു് വളരെ വിഷമമുള്ള ഒന്നാണ്. ഇവിടുള്ള ഓരോ വിദ്യാലയങ്ങളിലും കൃഷിപഠനം പ്രായോഗികമായി നടത്തത്തക്ക നിലയിൽ സ്ഥലവും സാമഗ്രികളും ഉണ്ടാക്കുന്നതിനുള്ള ചിലവും യത്നവും ആലോചിക്കുമ്പോൾ ഇതു ഒരു ഏറാണ്ടുകൊണ്ടെങ്കിലും സാധിച്ചേക്കുമോ എന്ന സംശയമുള്ളവരും കാണുമായിരിക്കാം. എന്നാൽ കുറെ പള്ളിക്കൂടങ്ങളെ മാതൃകയായിട്ടെടുത്തു് അവിടെ ഇതു നടപ്പാക്കി നോക്കാമെന്നാണ് എനിക്കു ഇതിനുള്ള സമാധാനം. ഈ സംഗതി രാജ്യത്തിന്റെ പൊതുവായ ഇണത്തെ ഉദ്ദേശിച്ചായതുകൊണ്ടും സാമ്പത്തികസ്ഥിതിയെ വർദ്ധിപ്പിക്കുന്നതിന് പര്യാപ്തമായി തീരാവുന്നതുകൊണ്ടും ഭാവിസന്താനങ്ങൾ അഭിവൃദ്ധിയിൽ

LIBRARY ARCHIVES Kerala Legislative Assembly

വരണമെന്ന് എല്ലാവക്കും ആഗ്രഹമുള്ളതുകൊണ്ടും ഒരുസ്ഥലത്തു കൃഷി പഠനം നിർബന്ധിതമാക്കുമ്പോൾ മാറുകായ്ങ്ങളിൽ ഇന്ന സാധാരണ കണ്ടുവരാറുള്ളതുപോലെ മറുസ്ഥലത്തുള്ളവരും മുറവിളിക്കുട്ടിത്തുടങ്ങും.

ഇവിടെ കാളേജുകൾ കുറച്ചേ ഉള്ളു. കാളേജുകളിൽ കയറുമ്പോഴാണ് വിദ്യാത്ഥികളുടെയിടയിൽ ഉദ്യോഗലബ്ധിയെക്കുറിച്ചുള്ള ആഗ്രഹം കൂടുതലാകുന്നതു്. അതുകൊണ്ടു് കാളേജുകളിൽ കൃഷിസംബന്ധമായ പഠനം നടത്തുന്നതിന് സൌകര്യമുണ്ടാക്കുകൊടുത്താൽ ഇതു എളുപ്പത്തിൽ പ്രചരിക്കാൻ ഇടയുണ്ടു്. കാളേജുകളിലാകുമ്പോൾ അദ്ധ്യാപകന്മാരും സ്ഥലവുമെല്ലാം വളരെ പരിമിതമായ നിലയിലെ ആവശ്യപ്പെടുകയുള്ളു. അതുപോലെതന്നെ ഓരോ താലൂക്കിലും ഒന്നോ രണ്ടോ സ്ഥലത്തു കൃഷിപരിശീലിപ്പിക്കുന്നതിനായി കുറേ സ്ഥലം ഒഴിച്ചിടുകയും ആഴ്ചയിലൊരിക്കൽ ഒന്നോ രണ്ടോ സ്കൂളുകളിലെ വിദ്യാർത്ഥികളെ അവിടെ കൊണ്ടുപോയി പരിശീലിപ്പിക്കുകയും ചെയ്താൽ ചെലവുകുറച്ചുരുക്കാം. കൃഷിഡിപ്പാർട്ടുമെൻറിലെ ആളുകൾ ഈ സ്ഥലങ്ങളിൽ എപ്പോഴും ഉണ്ടായിരിക്കണം. ഇതിലേക്കു തിരുവിതാംകൂറിൽ പത്തൊ ഇരുപതൊ സെൻറുകൾ ഉണ്ടായിരുന്നാൽ മതി

MR. K. P. KOCHUKORA THARAKAN : ട്രെയിനിംഗ് സ്കൂളുകളിൽ പത്തൊ മുപ്പതൊ അദ്ധ്യാപകന്മാക്കു് ട്രെയിനിംഗ് കൊടുത്താൽ അവർ ഓരോ സ്കൂളുകളിൽ പഠിപ്പിക്കുമെന്നുള്ളതുകൊണ്ടു് അങ്ങനെ ചെയ്യുന്നതല്ല കൂടുതൽ പ്രയോജനകരം?

MR. P. S. MUHAMED : പ്രസംഗിച്ചതുകൊണ്ടു ഫലമില്ല. ഇപ്പോൾതന്നെ പള്ളിക്കൂടങ്ങളിൽ കൃഷിശാസ്ത്രം പഠിപ്പിക്കുന്നുണ്ടു്. അതുകൊണ്ടു എന്തു പ്രയോജനമാണുണ്ടായിട്ടുള്ളതു്. പ്രാക്ടിക്കൽ ട്രെയിനിംഗ് കൊടുക്കണം. അതിനു സ്ഥലവും സാമഗ്രികളും വേണം.

MR. K. P. KOCHUKORA THARAKAN : തിരുവിതാംകൂറിൽ പട്ടണങ്ങളിലല്ലാതെ മറു പ്രദേശങ്ങളിൽ സ്ഥലത്തിനു ക്ഷാമമുണ്ടോ?

MR. P. S. MUHAMED : പട്ടണങ്ങളിൽ മാത്രമല്ല മറു സ്ഥലങ്ങളിൽപോലും പള്ളിക്കൂടത്തിനു സ്ഥലം കൊടുക്കാത്തതായി പല ദൃഷ്ടാന്തങ്ങളുമുണ്ടു്.

ഗവണ്മെൻറും ഡിപ്പാർട്ടുമെൻറുമേധാവികളും ഇതിനെപ്പറ്റി നല്ലവണ്ണം ചിന്തിച്ചു് ഭാവിപൌരന്മാരെ രാജ്യത്തിൻറെ അഭിവൃദ്ധിക്കു് ആവശ്യമായ കൃഷിയിൽ അഭിരുചി ഉണ്ടാക്കിത്തീർക്കേണ്ട മാർഗ്ഗങ്ങളിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. KUNJU PANICKAR: സർ, ഞാനും ഈ പ്രമേയത്തെ ബല മായി പിന്താങ്ങുന്നു.

MR. PUTHUPALLI S. KRISHNA PILLAI : May I be permitted to draw the attention of the Chair to the fact that the motion was started in Malayalam and every member was speaking on the motion in Malayalam. Mr. Kunju panickar is an honourable member who always speaks in English. I do not know whether the honourable member has sought the permission of the Chair to speak in Malayalam.

MR. KUNJU PANICKR : There is a general permission.

DEPUTY PRESIDENT : Do you want permission ?

MR. KUNJU PANICKAR . Yes Sir.

DEPUTY PRESIDENT : Permission in granted to speak in Malayalam.

MR. KUNJU PANICKAR: സർ, ഈ വിഷയത്തെ സംബന്ധിച്ച് എ ന്റെ സ്നേഹിതൻ മി. പി. എസ്. മഹമ്മദ് സംസാരിച്ചുവന്നപ്പോൾ കോളേജ് വിദ്യാർത്ഥികൾക്ക് കൃഷിസംബന്ധമായ അറിവു നൽകുന്നതി നുള്ള പ്രസ്ഥാനങ്ങൾ ഏർപ്പെടുത്തിയാൽ മതിയാകുമെന്നു പറഞ്ഞു.

MR. P. S. MUHAMED: എന്നു ഞാൻ പറഞ്ഞിട്ടില്ല.

MR. KUNJU PANICKAR : എന്നാണ് ഞാൻ മനസ്സിലാക്കിയതു്. ഹൈ സ്കൂളുകളിലും മിഡിൽസ്കൂളുകളിലുമുള്ള വിദ്യാർത്ഥികൾക്കു കൃഷിയിൽ അഭിരുചിയുണ്ടാകത്തക്കവണ്ണമുള്ള പ്രസ്ഥാനങ്ങൾ ഏർപ്പെടുത്തണമെ ന്നാണ് പ്രമേയപ്രയോക്താവു് ഈ നിശ്ചയംകൊണ്ടു് വിവക്ഷിച്ചിട്ടുള്ള തു്. തിരുവിതാംകൂറിലുള്ള വിവിധസ്കൂളുകളിലായി ഏകദേശം ആറു ലക്ഷത്തോളം യുവാക്കന്മാർ വിദ്യാഭ്യാസം ചെയ്തുകൊണ്ടിരിക്കുന്നുണ്ടു്. ഇപ്പോഴത്തെ വിദ്യാഭ്യാസരീതികൊണ്ടു് അവരിൽ ഓരോരുത്തരും സ പ്നംകാണുന്നതു് സക്കാർസർവീസിൽ പ്രവേശിച്ചോ അല്ലെങ്കിൽ ഗ്രാ ൻറുപള്ളിക്കൂടങ്ങളിലെ അധ്യാപകവൃത്തിയിൽ ഏർപ്പെട്ടോ ജീവിതം ക ഴിക്കണമെന്നാണു്. വിദ്യാഭ്യാസജീവിതം കഴിഞ്ഞാൽ അവരുടെ ഭാവി ജീവിതത്തിനാവശ്യമായ ഏതു പ്രസ്ഥാനം സ്വീകരിച്ചാലാണു അവരുടെ ജീവിതം സുഖമായി കഴിഞ്ഞുകൂടുന്നതെന്നുള്ളതു ഇപ്പോഴത്തെ വിദ്യാഭ്യാ സരീതികൊണ്ടു അവരെ മനസ്സിലാക്കാത്തതാണു് ഇതിനു കാരണം. നമ്മുടെ രാജ്യം ഒരു കർഷകരാജ്യമാണു്. നമ്മുടെ കൃഷി പരിഷ്കൃതരാജ്യ ങ്ങളിൽ നടത്തുന്നതുപോലെ സയന്റിഫിക്ക് ആൻറ് ഇൻറൻസീവായി നടത്തിയാൽ മാത്രമേ അഭിവൃദ്ധിപ്പെടുകയുള്ളൂ. അതുകൊണ്ടു ആധുനി കരീതിയിലുള്ള കൃഷിസമ്പ്രദായം നമ്മുടെ യുവാക്കന്മാരെ അഭ്യസിപ്പി ക്കുന്നതു നമ്മുടെ നാട്ടിനു് ഏറ്റവും പ്രയോജനപ്രദമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ നാട്ടിലെ തെങ്ങുകൃഷി, നെൽക്കൃഷി കരിമ്പുകൃഷി മുതലായ പല കൃഷികളും പരിഷ്കൃതരീതിയിൽ വലിയതോതിൽ നടത്താതിരിക്കുന്നതിനുള്ള പ്രധാനകാരണം സയൻറിഫിക് ആൻറ് ഇൻറൻസീവ് കൾടിവേഷൻറെ സമ്പ്രദായവും മറ്റും നമ്മുടെ സ്കൂളുകളിൽ പഠിപ്പിക്കാത്തതുകൊണ്ടാണ്. കൃഷി പ്രായോഗികമായി പഠിപ്പിക്കത്തക്കവണ്ണമുള്ള ഒരു കരിക്കുലമുണ്ടാക്കി ഹൈസ്കൂളുകളിലും കോളേജുകളിലും കാർഷികവിജ്ഞാനം നൽകേണ്ടതു ആവശ്യമാണ്. സയൻറിഫിക് വിഷയങ്ങളിൽ തീയറിട്ടിക്കൽ പ്രാക്റ്റിക്കൽ എന്നിങ്ങനെ രണ്ടുവിഭാഗമുണ്ടല്ലോ. കൃഷി പ്രാക്ടിക്കലായി പഠിപ്പിക്കുന്നതിന് ഉള്ള സ്ഥലം നമ്മുടെ നാട്ടിൽ ഇല്ലാതെവരികയില്ല. കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും കാര്യക്ഷമതയോടുകൂടി നടത്തപ്പെടുന്ന അനേകം കാർഷികപ്രസ്ഥാപനങ്ങളും ഇരിക്കുമ്പോൾ വിദ്യാലയങ്ങളിൽനിന്നും കൃഷിസംബന്ധമായി തത്പരമായ വിജ്ഞാനം സിദ്ധിക്കുന്ന വിദ്യാർത്ഥികൾക്കു പ്രാക്ടിക്കലായ അറിവു സമ്പാദിക്കുന്നതിനു ധാരാളം സെൻറുകൾ നടപ്പാക്കുക എന്നുള്ളതുകൂടി വിദ്യാഭ്യാസപ്രോഗ്രാമിൽ ഘടിപ്പിച്ചുകൊണ്ടുപോകുന്നതു വളരെ സുഗമമായിത്തീരും. ഇന്നു വിദ്യാലയങ്ങളിൽ കൃഷിസംബന്ധമായ അറിവു് നാമമാത്രമായി നൽകുന്നതേയുള്ളൂ. അതു ഭേദപ്പെടുത്തേണ്ടതായിരിക്കുന്നു. നമ്മുടെ രാജ്യം കൃഷിപ്രധാനമായ ഒന്നാണെന്നും മൻകാലങ്ങളിൽ നമ്മുടെ കൃഷിവിഭവങ്ങളെ അന്യരാജ്യത്തേക്കു അയച്ചുകൊണ്ടിരുന്ന നമുക്കു ഇന്നു അന്യരാജ്യങ്ങളിൽനിന്നും നെല്ലു് ഇറക്കുമതി ചെയ്തേണ്ടിവന്നിരിക്കുന്നു എന്നും ഓർക്കുമ്പോൾ ഇവിടെ കൃഷിയിൽ താല്പര്യമുള്ള പ്രസ്ഥാനങ്ങൾ ഉണ്ടാക്കേണ്ടതാവശ്യമാണെന്നു ബോധ്യപ്പെടും. അങ്ങനെയുള്ള പ്രസ്ഥാനങ്ങൾ ധാരാളമുണ്ടാകണമെങ്കിൽ നമ്മുടെ നാട്ടിൽ വലിയതോതിൽ കൃഷിസംബന്ധമായ വിജ്ഞാനം നൽകേണ്ടിയിരിക്കുന്നു.

ഇനി നമ്മുടെ കായൽക്കൃഷി എടുത്തു നോക്കാം. ഇതിൽ അധികം നിലങ്ങളും രണ്ടുമൂന്നാണ്ടിലൊരിക്കലെ കൃഷിചെയ്യുന്നുള്ളൂ. ഈ നിലങ്ങളെ ആണ്ടുതോറും കൃഷി ഇറക്കത്തക്കവണ്ണമാക്കിയാൽ നമുക്ക് ഇന്നത്തേതിൽനിന്ന് പലമടങ്ങു് കൂടുതൽ വിളവുണ്ടാക്കാനും നാം ഇന്നു നെല്ലുവരുത്തിക്കൊണ്ടിരിക്കുന്ന രാജ്യങ്ങളിലേക്കു നമ്മുടെ ആവശ്യംകഴിഞ്ഞു നെല്ലയയ്ക്കാനും നമുക്ക് സാധിക്കും. ഇന്ന് തേങ്ങായ്ക്ക് വിലകിട്ടുന്നില്ല. നമ്മുടെ തെങ്ങുകൾ അത്രമോശമല്ല. സിലോണിനെക്കാൾ നമ്മുടെ രാജ്യം തെങ്ങുകൃഷിക്ക് പറ്റിയതാണ്. പക്ഷെ സയൻറിഫിക്കായിട്ട് കൃ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kunju panickar.]

ഷിചെയ്യണം. നമ്മുടെ യുവാക്കന്മാരെ ചെറുപ്രായത്തിൽതന്നെ കൃഷി പരിശീലിപ്പിച്ചാൽ അവർ ഒടുവിൽ നല്ല കൃഷിക്കാരായി തീരുകയും പൊയ്യെ നമുക്ക് മേന്മയുണ്ടാകുകയും നമ്മുടെ ജീവിതം സുഖകരവും ക്ഷേമകരവുമാകുകയും ചെയ്യും. നമ്മുടെ റവന്യൂവിൽനിന്നു ൫ ലക്ഷത്തോളം രൂപ നാം നമ്മുടെ വിദ്യാഭ്യാസത്തിനായി ചെലവാക്കുന്നുണ്ട്. എന്നാൽ നാട്ടിനും വീട്ടിനും കൊള്ളരുതാത്ത കുറെ ചെറുപ്പക്കാരെ സൃഷ്ടിക്കുകയാണ് ഇന്നത്തെ വിദ്യാഭ്യാസംചെയ്യുന്നത്. ഇതിനെ മാറ്റി നാട്ടിലേയ്ക്ക് ഉപകാരപ്രദമായ ജനങ്ങളെ സൃഷ്ടിക്കുന്നതിനുള്ള പദ്ധതി നാം സ്വീകരിക്കണം. അതിനതുകൊണ്ട ഈ പ്രമേയത്തെ എല്ലാവരും ഐകകണ്ഠ്യേന പാസാക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഇതിനെ അനുകൂലിക്കുന്നു.

MR. A. GOPALA MENON : Sir, my honourable friend Mr. Kochukora Tharakan has brought up this proposition at a very opportune moment. I know personally his partiality for agriculture and I may assure the House that he speaks from personal experience of the advantages of agricultural training in schools; but I am sorry that he forgot that we have as many as 338 out of 435 middle schools in which agriculture is taught and more than 4000 candidates are appearing for the theoretical part of the examination from class seven of our Malayalam and Tamil schools. Probably the level of the students attending class seven is beneath the notice of many and therefore the member is speaking particularly of English Middle Schools and English High Schools. What I have to submit is that when theoretical training is given to such a large number of pupils why is it that it has not made any echo through the land, why is it that agriculture is regarded or is supposed to be regarded by the pupils with some dislike? They are not responsible. The stratum of the society from which the encouragement of agriculture, the extension of agriculture and the scientific turn to agriculture can come is still far above the average economic level of the people of this country. I do not mean to say that the land is in possession of the capitalists but something like that has to be argued out of the present position.

The only defect that I can think of in the present training in agriculture is that adequate attention is not paid to practical work. It is one of the subjects on which I have bestowed some attention and I may recall to the memory of the honourable members that during the last meeting of this honourable House emphasis was laid on the necessity to encourage practical training in agriculture and that I undertook to look into the question. I have not been idle, Sir. The matter has been receiving the serious attention of the Department and recently Government have also ordered that some kind of vocational bias has to be organised for the pupils of the Middle Schools. In

LIBRARY ARCHIVES Kerala Legislative Assembly

this enquiry I have been greatly encouraged by the experience of a few schools in south Travancore where within the last 2 or 3 months some considerable progress has been made, in some out of the way places like Parassala, Marayamuttam, Nemom and others, where the Middle Schools teach the theory of agriculture from books written on up-to-date lines by persons like Mr. K. R. Narayana Aiyar, the Director of Agriculture. Those schools have taken up practical training in agriculture not because we have chalked out a clear scheme, but because it has come in handy as a bye-product of our new vocational and welfare training. This is a very encouraging aspect which will develop in the course of the next few months. Again, the question of introducing a vocational bias would necessarily lead us into the adoption of practical training in agriculture along with the the oretical training. I hope with the co-operation of the Agricultural Department it would be possible for me to introduce practical training in some select centres, and I have stored in my memory the various suggestions which the honourable members have thrown out in regard to it. I must however say at this stage that any adoption of agriculture as a compulsory subject in English Middle and High Schools will not give us what we expect out of it. First of all, the curriculum of studies in English schools is intended as preparatory course to the High Schools and the University. It is not within the discretion of the department of Education to tamper with such a course, and I am at present engaged in an enquiry as to how far the literary side of education in these institutions can be limited and what ways can be devised to give a practical turn to the the oretical subjects that they are bound to study. When that enquiry is completed within the next three or four months, it would be possible for me to find out some leisure, some period that can be set apart for the purpose of giving practical training in agriculture, in weaving and other pursuits, which are likely to thrive in rural areas. We should not forget Sir, that there are rural and urban areas served by the Department of Education and every honourable member will admit that there is no use speaking of agriculture in urban areas whereas it may have some benefit in rural areas. So we have first of all to consider.....

DEPUTY PRESIDENT : Order, order. Does the honourable member want some time?

MR. A. GOPALA MENON : Yes Sir. I want to say something more and the Director of Agriculture, I think, will also have to say something on the subject.

DEPUTY PRESIDENT : Then the discussion may be adjourned. The time is now past 5 P. M. and the House will adjourn *sine die*.

The House adjourned at 5-30 P. M.

A. GUNAMONY,
Secretary to the Sri Mulam Assembly,

LIBRARY ARCHIVES Kerala Legislative Assembly